**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ അജ്നാസ് റഹിം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No.2275/2019 നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 15.11.2019 ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ) നം.396/2021/തസ്വഭവ** **തീയതി, തിരുവനന്തപുരം, 12/02/2021**

പരാമർശം:- 1. സ.ഉ(പി) നം 03/17/ഉപഭവ, തീയതി 25.02.2017

2. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 06.11.2019 ലെ എ 3-6030/17 നമ്പർ നടപടിക്രമം

3. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27.12.2019 ലെ എ 3-6030/17 നമ്പർ നടപടിക്രമം

4. ശ്രീ.അജ്നാസ് റഹിമിന്റെ 13.11.2019 ലെ നിവേദനം.

5. ശ്രീ.അജ്നാസ് റഹിം ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No.2275/2019 നമ്പർ കേസ്സിന്മേലുള്ള 15.11.2019 ലെ ഉത്തരവ്.

6. പഞ്ചായത്ത് ഡയറക്ടറുടെ 13.02.2020 തീയതിയിലെ ഇ 6-16983/2019 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ അജ്നാസ് റഹിം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No.2275/2019 നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ഒന്നാം എതിർ കക്ഷിയായ സർക്കാർ ടിയാനെ നേരിൽ കേട്ട് അനക്സർ A19 ഉത്തരവ് പരിശോധിച്ച് തീരുമാനമെടുക്കുന്നതിനും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെ ടിയാനെ കുടയത്തൂർ ഗ്രാമപഞ്ചായത്തിൽ തുടരുവാൻ അനുവദിക്കണമെന്നും പരാമർശം (5) പ്രകാരം ഉത്തരവാകുകയുണ്ടായി.

2. ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സെക്രട്ടറി അടക്കമുള്ള ജീവനക്കാരുടെ സ്വഭാവദൂഷ്യം, അഴിമതി എന്നിവ ആരോപിച്ചുകൊണ്ടും, ടി ഓഫീസിലെ ജീവനക്കാരനായ ശ്രീ അജ്നാസ് റഹിമിന്റെ പഞ്ചായത്ത് ഓഫീസിലെ അനധികൃത ഇടപെടലുകളെ സംബന്ധിച്ചും ലഭിച്ച പരാതികളിൽ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ നല്കിയ റിപ്പോർട്ടിൽ പദ്ധതിയുടെയും. ഇതര പ്രവർത്തനങ്ങളുടെയും തിരക്കു കാരണം ഓഫീസ് പല അവസരങ്ങളിലും 5 മണിക്കുശേഷവും 10 മണി വരെയും പ്രവർത്തിക്കാറുണ്ടെന്നും, എന്നാൽ തിരക്കില്ലാത്ത മറ്റ് അവസരങ്ങളിലും ഓഫീസ് 5

മണിക്കുശേഷവും പ്രവർത്തിച്ച് വരുന്നതായും, കുടയത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ തന്നെ താമസക്കാരനായ ക്ലാർക്ക് ശ്രീ.അജ്നാസ് റഹിം എം.എ കേവലം രണ്ടര വർഷം മാത്രമാണ് പഞ്ചായത്ത് വകുപ്പിൽ ജോലി ചെയ്തിരിക്കുന്നതെന്നും, ആയതിനാൽ 10 മാസം മാത്രമാണ് കുടയത്തൂർ ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചതെന്നും, സ്വദേശി എന്ന നിലയിൽ ടിയാൻ ഓഫീസിന് പുറമേയുള്ള പ്രവർത്തനങ്ങളിലും ഉൾപ്പെട്ട് വരുന്നതായും, ആയതുമൂലം പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളതായും, ടിയാന്റെ ഓഫീസിന് പുറമേയുള്ള ഇതര പ്രവർത്തനങ്ങൾ മൂലമുണ്ടായ വിഷയങ്ങളും ലഭ്യമായ പരാതിയും കണക്കിലെടുത്ത് കുടയത്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ മദ്യപാനം, അഴിമതി എന്നിവ ഉൾപ്പെടുത്തി പത്രവാർത്ത വന്നിരുന്നതായും, ശ്രീ അജ്നാസ് റഹീം കുടയത്തൂർ ഗ്രാമപഞ്ചായത്തിലെ തദ്ദേശവാസിയാണെന്ന വസ്തുതയും കൂടാതെ പ്രദേശത്തെ പല പൊതുപരിപാടികളിലും സജീവമായി ടിയാൻ പങ്കെടുക്കുന്ന സാഹചര്യത്തിലും കുടയത്തൂർ ഗ്രാമപഞ്ചായത്തിൽ തുടർന്നും ജോലി ചെയ്താൽ ആയത് കടുത്ത രാഷ്ട്രീയ പ്രശ്നങ്ങൾക്കും കാരണമാകുമെന്നും, ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ബുദ്ധിമുട്ടുണ്ടാകുമെന്നും കണ്ട് ടിയാനെ പരാമർശം (2) പ്രകാരം ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയിരുന്നു. തുടർന്ന് OA 2275/19 ലെ 19.09.2019 ലെ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം ടിയാനെ പരാമർശം (3) പ്രകാരം കുടയത്തൂർ ഗ്രാമപഞ്ചായത്തിൽ നിലനിർത്തുകയാണുണ്ടായത് എന്ന് പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായ്. പരാമർശം (5) ഉത്തരവിനെതിരെ ശ്രീ. അജ്നാസ് റഹിം സർക്കാരിൽ പരാമർശം (4) പ്രകാരം Annexure A19 നിവേദനം സമർപ്പിക്കുകയുണ്ടായി.

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 15.09.2019 ലെ ഉത്തരവിൽ അപേക്ഷകനെ നേരിൽ കേൾക്കുവാൻ ഉത്തരവായതിനെ തുടർന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 14.02.2020 ൽ നേരിൽ കേൾക്കുകയുണ്ടായി. നേർ വിചാരണ സമയത്ത് Annexure A19 നിവേദനത്തിലെ ആവശ്യം ടിയാൻ ആവർത്തിക്കുകയുണ്ടായി

4. ടിയാന്റെ പിതാവ് കിഡ്നി രോഗിയും കടുത്ത പ്രമേഹത്തെ തുടർന്ന് കാലിലെ വിരലുകൾ മുറിച്ചുമാറ്റിയ അവസ്ഥയിലും പരസഹായമില്ലാതെ നടക്കാൻ പോലുമാവാത്ത സ്ഥിതിയിലുമാണുള്ളതെന്നും. ടിയാന് 2 വയസ്സ് മാത്രമുള്ള കുഞ്ഞുമുണ്ട് എന്നും ഏകമകനായ ടിയാൻ മാത്രമാണ് കുടുംബത്തിന് ആശ്രയമായുള്ളത് എന്നും രാഷ്ട്രീയ പ്രേരിതമായി 100 കി.മീറ്റർ അകലെയുള്ള മൂന്നാർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയിരിക്കുകയാണ് എന്നും ടിയാൻ വോളിബോൾ കളിക്കാരനും സംസ്ഥാനത്തിലും ഇടുക്കി ജില്ലയ്ക്കും വേണ്ടി നിരവധി മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള ആളുമാണ് എന്നും 2018 മെയ് മാസത്തിൽ കാഞ്ഞാറിൽ വെച്ച് വിജിലന്റ് ക്ലബ് ഒരു പ്രാദേശിക വോളിബോൾ മത്സരം സംഘടിപ്പിക്കുകയും പരാതിക്കാരനെയും പരാതിക്കാരന്റെ രാഷ്ട്രീയ പാർട്ടിയിലെ ആളുകളെയും, ഒരു വോളിബോൾ കളിക്കാരനെന്ന നിലയിൽ മത്സരം തടസ്സപ്പെടുത്തുന്നത് ശരിയല്ലെന്ന് നിലപാടെടുത്തിരുന്നതിനാൽ രാഷ്ട്രീയ വൈരാഗ്യം മൂലം സ്ഥലം മാറ്റിക്കുമെന്ന് പരാതിക്കാരൻ അന്നേ ഭീഷണിപ്പെടുത്തിയിരുന്നതുമാണ് എന്ന് ടിയാൻ അറിയിക്കുകയുണ്ടായ്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടിയാന്റെ അപേക്ഷയും ഹിയറിംഗ് സമയത്ത് സമർപ്പിച്ച വാദങ്ങളും പരിശോധിച്ചതിൽ സർക്കാർ ജീവനക്കാരനായ ശ്രീ.അജ്നാസ് റഹിം തന്റെ home station ൽ തന്നെ ജോലി ചെയ്യുന്നതിനാലും ടിയാൻ ഒരു വോളിബോൾ കളിക്കാരനായതിനാലും ഉണ്ടായ പ്രശ്നങ്ങളാണ് അടിസ്ഥാനപരമായി നിലനിൽക്കുന്നത്. ടിയാനെതിരെ ഉന്നയിച്ച ആരോപണങ്ങളിൽ കുറച്ച് കഴമ്പുണ്ടെന്ന് ടിയാൻ സമർപ്പിച്ച സമർപ്പണത്തിൽ തന്നെ ബോധ്യപ്പെട്ടിരിക്കുന്നു. ടിയാന്റെ കുടയത്തൂർ

പഞ്ചായത്തിലെ സാന്നിദ്ധ്യം തുടർന്നാൽ അത് കടുത്ത രാഷ്ട്രീയ പ്രശ്നങ്ങൾക്ക് കാരണമാകുമെന്നും ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ബുദ്ധിമുട്ടുണ്ടാകുമെന്നുള്ള തൊടുപുഴ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസറുടെ റിപ്പോർട്ടു പരിഗണിച്ചും കുടയത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസക്കാരനായ ശ്രീ.അജാനാസ് റഹിം എം.എ ക്കെതിരെ പരാതി ഉയരുകയും, പഞ്ചായത്ത് ഓഫീസിലെ മദ്യപാനവും, അഴിമതിയും സംബന്ധിച്ച് പത്രവാർത്തകൾ നിലവിൽ വന്നത് കണക്കിലെടുത്തും ടിയാനെ കുടയത്തൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ടിയാന് സൗകര്യപ്രദമായ മറ്റൊരു ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റം അനുവദിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം (5) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No.2275/2019 നമ്പർ കേസ്സിന്മേലുള്ള 15.11.2019 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാതൃൂ**
**അഡീഷണൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.അജ്നാസ് റഹിം, മുണ്ടുപറമ്പിൽ, കാഞ്ഞാർ.പി.ഒ, ഇടുക്കി - 685590
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, കുടയത്തൂർ ഗ്രാമപഞ്ചായത്ത്, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, മൂന്നാർ ഗ്രാമപഞ്ചായത്ത്, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.
കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 245/ഇപിഎ 1/2017/തസ്വഭവ)

ഉത്തരവിൻപ്രകാരം

Damyanthi

സെക്ഷൻ ഓഫീസർ